# അദ്ധ്യായം 2

# സ്വാതന്ത്ര്യത്തിലേക്ക് ഉണരുന്ന മയ്യഴി

ബ്രിട്ടീഷ് കോളണിവാഴ്ചയ്ക്കെതിരെയുള്ള പ്രസ്ഥാനം ഗാന്ധിജി യുടെ നേതൃത്വത്തിൽ രാജ്യം മുഴവൻ വ്യാപിക്കുന്ന ഘട്ടത്തിൽ മയ്യഴി പ്രക്ഷോഭങ്ങളൊന്നുമില്ലാതെ ശാന്തമായി കഴിഞ്ഞിരുന്ന പ്രദേശമായിരുന്നു. മയ്യഴിക്കാരായ പലരും ദേശീയപ്രസ്ഥാനത്തി ന്റെ ഭാഗമായ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. പക്ഷെ, അതെല്ലാം മയ്യഴിക്കു പുറത്തായിരുന്നു. ദേശീയപ്രസ്ഥാനം ശക്തി പ്രാപിക്കുമ്പോൾ സ്വാഭാവികമായും അതിനോട് അനുഭാവമുള്ളവർ മയ്യഴിയിലും ഉണ്ടാകുമെന്ന് ഫ്രഞ്ച് ഭരണത്തിന്റെ ഭാഗമായ പൗര പ്രമുഖരും ഉദ്യോഗസ്ഥന്മാരും മനസ്സിലാക്കിയിരുന്നു. അവരെ കണ്ടെത്താനുള്ള ശ്രമങ്ങളിൽ ഫ്രഞ്ച്വിധേയത്വം പുലർത്തിയിരു ന്നവർ ജാഗ്രത പുലർത്തി. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കൂട്ടുചേരലുകൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനം കർശ നമായ നിരീക്ഷണത്തിലായിരുന്നു.

സാഹിത്യചർച്ചകളും സംവാദങ്ങളും നടത്തിയിരുന്ന രണ്ട് സംഘടനകൾ സക്രിയമായി മയ്യഴിയിലുണ്ടായിരുന്നു. സെർ ക്കിൾ സ്പോർത്തീവ്, യൂന്യോം അമിക്കാൽ എന്നിവയായിരുന്നു, അവ. ആശയപരവും ചിന്താപരവുമായ സംഘട്ടനങ്ങൾ ഇവയുടെ വേദികളിൽ സാധാരണമായിരുന്നു. ദേശീയപ്രബുദ്ധതയും വിപ്ലവാ ശയങ്ങളോടുള്ള ആഭിമുഖ്യവും പ്രകടിപ്പിക്കുന്നവരും അല്ലാത്തവരും രണ്ട് ചേരികളായി. കായികരംഗത്തെ പ്രവർത്തനങ്ങൾക്ക്

പ്രാധാന്യം നല്കിയ സെർക്കിൾ സ്പോർത്തീവിലെ ചേരിതിരിവ് അതിലെ കുറേ അംഗങ്ങളെ പുറത്താക്കുന്നതിലെത്തി. പുറത്താക്കപ്പെട്ടവർ അത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഉടനെ അവർ മയ്യഴിക്കുപുറത്ത് അഴിയൂരിൽ യോഗംചേർന്ന് മാഹി സ്പോർട്സ് ക്ലബ്ബ് എന്ന സംഘടനയുണ്ടാക്കി. ഇത് സംഭവിക്കുന്നത് 1934-ൽ ആണ്. മാഹി സ്പോർട്സ് ക്ലബ്ബ് പിന്നീട് ലൈബ്രറിയും കലാസമിതിയുമൊക്കെയായി വളർന്ന് പന്തലിക്കുമ്പോൾ ഫ്രഞ്ച് വിധേയത്വം മാത്രം കൈമുതലായുള്ള സെർക്കിൾ സ്പോർത്തീവ് ശോഷിച്ച് ഇല്ലാതെയായി.

1934 മയ്യഴിയുടെ ചരിത്രത്തിലെ വഴിത്തിരിവിന് തുടക്കംകുറിച്ച വർഷമാണ്. ആ വർഷം ജനവരി 13-നാണ് മഹാത്മാഗാന്ധി മയ്യഴി സന്ദർശിച്ചത്. ഹരിജനോദ്ധാരണപ്രവർത്തനങ്ങൾക്കായി ഫണ്ട് ശേഖരിക്കാനായി മലബാറിലൂടെ സഞ്ചരിക്കുകയായിരുന്ന ഗാന്ധിജിയെ മയ്യഴിയിലേക്ക് ക്ഷണിക്കുകയും സ്വീകരണമൊരുക്കാൻ മുൻകയ്യെടുത്തതും മയ്യഴിപ്പുഴയുടെ അക്കരെയുള്ള പ്രമുഖ കോൺഗ്രസ്സ് പ്രവർത്തകനായിരുന്ന ഡോ. എം. കെ. മേനോനായിരുന്നു. പുത്തലം കാവിന്റെ മുറ്റത്തായിരുന്നു ഗാന്ധിജിക്ക് പ്രസംഗിക്കാൻ വേദിയൊരുക്കിയത്. മയ്യഴിയിലെ ഗാന്ധിജിയുടെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത്, ബ്രിട്ടീഷ് ഇന്ത്യയെന്നും ഫ്രഞ്ച് ഇന്ത്യയെന്നും പോർച്ചുഗീസ് ഇന്ത്യയെന്നുമുള്ള വകതിരിവ് തനിക്കില്ലെന്നായിരുന്നു. അദ്ദേഹം പറഞ്ഞു: ഇതെല്ലാം ഒരേ രാജ്യമാണ്. നിങ്ങളുടെ സിരകളിലൊഴുകുന്ന രക്തം തന്നെയാണ് എന്റെ സിരകളിലും ഒഴുകുന്നത്. കാലാവസ്ഥയും ആചാരവും വ്യത്യസ്തമായിരിക്കാം. സ്കൂളിൽ പഠിപ്പിക്കുന്ന ഭാഷയും വേറെയാകാം. എന്നാൽ നിങ്ങളും ബ്രിട്ടീഷ് ഇന്ത്യയിലെ ജനങ്ങളും തമ്മിൽ വ്യത്യാസമില്ല.

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മഹാനായ നായകനോടുള്ള ആരാധന നിറഞ്ഞ മനസ്സോടെ ആവേശത്തോടെയാണ് മഹാത്മാവിന്റെ വാക്കുകൾ മയ്യഴിക്കാർ കേട്ടത്. ഹരിജൻ ഫണ്ടിലേക്കുള്ള സംഭാവന ഗാന്ധിജി സ്വീകരിച്ചു. സ്ത്രീകൾ കൈവിരലിലെ മോതിരവും കഴുത്തിലെ ആഭരണങ്ങളും ഗാന്ധിജിക്ക് സമർപ്പിച്ചു. പൗരാവലി സമർപ്പിച്ച മംഗളപത്രവും പൂമാലയും ഗാന്ധിജി ലേലത്തിനു വെച്ചു. അധികസമയമൊന്നും ഗാന്ധിജി മയ്യഴിയിൽ ചിലവഴിച്ചിരുന്നില്ല. എങ്കിലും മഹാത്മാവിന്റെ സന്ദർശനം മയ്യ

ഴിയെ മാറ്റിത്തീർത്തു.

മയ്യഴിയിലെ യുവാക്കൾ യൂത്ത് ലീഗ് എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. ഈ പേര് 1928-ൽ സുഭാഷ്ചന്ദ്രബോസ് രൂപീകരിച്ച ഇന്ത്യൻ യൂത്ത് ലീഗ് എന്ന സംഘടനയുടെ പേരുമായി ബന്ധപ്പെട്ടിരിക്കുന്നത് യാദൃച്ഛികമല്ല. ദേശീയപ്രസ്ഥാനത്തിലെ പോരാട്ടവീര്യമുള്ള വിഭാഗങ്ങളോട് ആഭിമുഖ്യം പുലർത്തിയ യുവാക്കളായിരുന്നു യൂത്ത് ലീഗിന്റെ പ്രവർത്തകർ. മുച്ചിക്കൽ പത്മനാഭൻ, വാഴയിൽ ഗോപി, കെ. ഐ. ദാമോദരൻ, കോട്ടായി കണാരൻ, കളത്തിൽ കൃഷ്ണൻ, ഈരായി ശ്രീധരൻ, സി. ഇ. ഭരതൻ, അടിയേരി കുമാരൻ, ചമ്പാടൻ വാസു, അക്ലാരി നാരായണൻ, എം. എം. കൃഷ്ണൻ, കുമ്മായ കുഞ്ഞിരാമൻകുട്ടി, സി. പി. കുമാരൻ, എന്നിവരായിരുന്നു ഇതിന്റെ മുഖ്യപ്രവർത്തകർ.[1] സംഘടനയുടെ രാഷ്ട്രീയസ്വഭാവം പുറത്തുകാണിച്ചാൽ പ്രവർത്തിക്കാനാവില്ലെന്ന് അവർക്ക് അറിയാമായിരുന്നു. അതിനാൽ സന്നദ്ധസേവനം നടത്തുന്ന സംഘടനയായാണ് അവർ പ്രവർത്തിച്ചത്. നിർ ദ്ധനരായവർക്ക് പുര കെട്ടിമേഞ്ഞുകൊടുക്കുക, രോഗികൾക്കും സഹായം ആവശ്യമുള്ളവർക്കുമുള്ള പിന്തുണ നല്കുക എന്നിവ യൊക്കെയായിരുന്നു മുഖ്യപ്രവർത്തനങ്ങൾ. യൂത്ത് ലീഗിന്റെ പ്രവർത്തനത്തെ ആകാവുന്ന രീതിയിലെല്ലാം തടസ്സപ്പെടുത്തുവാൻ ഫ്രഞ്ച് അനുകൂലികൾ ശ്രമിച്ചു. ആത്യന്തികമായി ഇതെല്ലാം ഫ്രഞ്ച് വിധേയത്വമില്ലാത്തവരെയും ഫ്രഞ്ച് വിരുദ്ധരെയും ഒന്നിപ്പിക്കാനുള്ള വേദിയായിത്തീരും എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. ഫ്രഞ്ച് അനുകൂലികളുടെ സംഘടനകൾക്ക് പ്രോത്സാഹനവും ഉദാരമായ സാമ്പത്തികപിന്തുണയും നല്കാൻ സർക്കാർ മടിച്ചിരുന്നുമില്ല.

വിദ്യാഭ്യാസം നേടിയവർ മുഖ്യമായും രണ്ട് തൊഴിൽ മേഖ ലകളാണ് അക്കാലത്ത് തെരഞ്ഞെടുത്തിരുന്നത്. ഒന്ന് സ്കൂൾ അദ്ധ്യാപകരുടെ ജോലി. രണ്ടാമത്തേത് അഭിഭാഷകവൃത്തി. ഇവ രണ്ടും സാമൂഹികകമാന്യതയും പൊതുസമൂഹത്തിൽ അംഗീകാരവും നേടാൻ അവരെ സഹായിച്ചു. മാത്രമല്ല, സാമൂഹികപ്രവർത്ത നത്തിന് ആവശ്യമായ സമയവും സൗകര്യവും ഇവർക്ക് ലഭിച്ചു. ദേശീയപ്രസ്ഥാനത്തിന്റെയും കേരളത്തിൽ രൂപപ്പെട്ട നവോ ത്ഥാനത്തിന്റെയും ആശയങ്ങളുടെ വക്താക്കളും പ്രചാരകരും ഈ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ദേശീയരാഷ്ട്രീയത്തിലെ

[1] കെ. പത്മനാഭൻ, ചരിത്രസ്മൃതികൾ, മാഹി സ്പോർട്സ് ക്ലബ്ബ്, 2007, പുറം 44.

കൊളോണിയൽ വിരുദ്ധചിന്തയും ഇന്ത്യൻ നാഷണൽ കോൺഗ്ര സ്സിലെ ഗാന്ധിജി, ജവഹർലാൽ നെഹ്റു , സുഭാസ്ചന്ദ്ര ബോസ് , രാം മനോഹർ ലോഹ്യ , ജയപ്രകാശ് നാരായൺ , തുടങ്ങിയ നേതാക്കളുടെ ആശയങ്ങൾ ഇവരിൽ സ്വാധീനം ചെലുത്തി.

മയ്യഴിയിൽ ഗാന്ധിജിയുടെ സന്ദർശനത്തിന് മുമ്പുള്ള കാല ഘട്ടത്തിൽ രാഷ്ട്രീയപ്രവർത്തനം നടന്നിരുന്നില്ല എന്നതിനാൽ മയ്യഴിക്കാരായ ഐ. കെ. കുമാരൻ മാസ്റ്ററും കല്ലാട്ട് ദാമോദരനും മുച്ചിക്കൽ പത്മനാഭനും സി . ഇ . ഭരതനുമെല്ലാം കേരളത്തിൽ നടക്കുന്ന നിയമലംഘനസമരങ്ങളിലായിരുന്നു പങ്കെടുത്തിരുന്നത്. ഇവർ കേരളത്തിലെ കോൺഗ്രസ്സ് കമ്മിറ്റികളിൽ അംഗങ്ങളുമാ യിരുന്നു. ഇവർ തന്നെയായിരുന്നു മയ്യഴിയിലെ യൂത്ത് ലീഗിന്റെ നേതാക്കൾ. യൂത്ത് ലീഗിനോടുള്ള ഫ്രഞ്ച് അധികാരികളുടെ മനോഭാവം മനസ്സിലാക്കാൻ ഇതിലേറെ പറയേണ്ടതില്ലല്ലോ.

ദേശീയതലത്തിൽ കോൺഗ്രസ്സിനകത്തുള്ള മാർക്സിയൻ ചിന്താ ഗതിയിൽ ആഭിമുഖ്യമുള്ളവർ സോഷ്യലിസ്റ്റ് ഗ്രൂപ്പ് രൂപീകരിക്കുകയും കോൺഗ്രസ്സ്-സോഷ്യലിസ്റ്റുകാർ എന്ന പേരിൽ അറിയപ്പെടാനും തുടങ്ങുന്നത് 1934-ലാണ്. ആചാര്യ നരേന്ദ്രദേവ് പ്രസിഡന്റും ജയപ്ര കാശ് നാരായൺ സെക്രട്ടറിയുമായി കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി 1934 ഒക്ടോബറിൽ ബോംബെയിൽ നടന്ന സമ്മേളനത്തിൽ രൂപീകരിക്കപ്പെട്ടു. അച്യുത് പട്‌വർദ്ധൻ , രാം മനോഹർ ലോഹ്യ, അരുണാ ആസഫലി , യൂസഫ് മെഹറലി എന്നിങ്ങനെ ദേശീയപ്ര സ്ഥാനത്തിലെ താരങ്ങളാണ് ഈ പാർട്ടിയിൽ അണിനിരന്നത്. സ്വയം ഒരു സോഷ്യലിസ്റ്റാണെങ്കിലും ജവഹർലാൽ നെഹ്റു ഈ സംഘടനാസംവിധാനത്തിന്റെ ഭാഗമായില്ല. പക്ഷെ, ഈ വിഭാഗ ത്തെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്തു.

കോൺഗ്രസ്സ് പാർട്ടിയിൽ അംഗമായിരിക്കണം, ദേശീയപ്ര സ്ഥാനത്തിന്റെ ഭാഗമായിരിക്കുകയും അതിന്റെ നേതൃത്വത്തെ അംഗീകരിക്കുകയും വേണം എന്നിവ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി അംഗമാവാനുള്ള വ്യവസ്ഥകളാണ്. ദേശീയപ്രസ്ഥാനത്തെ ആശയപരമായി നയിക്കുകയും സമത്വവാദപരമായ ചിന്തകൾ പ്രചരിപ്പിക്കുകയുമായിരുന്നു പാർട്ടിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങൾ.

കേരളത്തിൽ പി. കൃഷ്ണപ്പിള്ള, ഇ. എം. എസ്. നമ്പൂതിരിപ്പാട്, കെ. ദാമോദരൻ, എൻ. സി. ശേഖർ, എ. കെ. ഗോപാലൻ എന്നിവ രായിരുന്നു കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാക്കൾ. മയ്യഴിയിൽ മുച്ചിക്കൽ പത്മനാഭൻ, കല്ലാട്ട് ദാമോദരൻ, ഐ. കെ. കുമാരൻ, മംഗലാട്ട് രാഘവൻ, എന്നിവർ ഈ പക്ഷത്താ യിരുന്നു. 1939-ൽ പിണറായിയിലെ പാറപ്രം എന്ന സ്ഥലത്ത് രഹസ്യമായി നടന്ന സമ്മേളനത്തിൽ കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടു. മുച്ചിക്കൽ പത്മനാഭനും വാഴയിൽ ഗോപിയും മയ്യഴിയിൽനിന്ന് ഈ യോഗത്തിൽ പങ്കെടുത്തിരു ന്നു. പാർട്ടി രഹസ്യസ്വഭാവത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത് എന്നതിനാൽ അംഗങ്ങൾ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പ്രവർത്തക രായാണ് പരസ്യമായി പ്രവർത്തിച്ചത്. മയ്യഴിയിലെ കോൺഗ്രസ്സ് സോഷ്യലിസ്റ്റുകളിൽ മുച്ചിക്കൽ പത്മനാഭനും കല്ലാട്ട് ദാമോദരനും കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർ ട്ടിയിൽ നിന്ന് വ്യത്യസ്തമായി കമ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ദേശീയപ്രസ്ഥാനത്തിനു പുറത്തുനിന്നുകൊ ണ്ടുള്ള രാഷ്ട്രീയപ്രവർത്തനമാണ് നടത്തിയത്. തൊഴിലാളികൾ, കർഷകർ എന്നിങ്ങനെയുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ സംഘടിപ്പിക്കുകയും അവരെ രാഷ്ട്രീയമായി സായുധരാക്കുകയും ചെയ്യുക എന്നതായിരുന്നു പാർട്ടിയുടെ ലൈൻ.

ഗാന്ധിജിയുടെ സന്ദർശനം സൃഷ്ടിച്ച പുത്തൻ ഉണർവ്വിനെ കർമ്മപഥത്തിലെത്തിച്ചത് വി. സുബ്ബയ്യയുടെ മയ്യഴി സന്ദർശ നമാണ്. പുതുച്ചേരിയിലെ എക്കാലത്തെയും വലിയ നേതാ വാണ് തൊഴിലാളിസംഘടനാസംഘാടകനും കമ്യൂണിസ്റ്റുമായ വി. സുബ്ബയ്യ. 1938 ഫെബ്രുവരിയിൽ നടന്ന കോൺഗ്രസ്സിന്റെ ഹരിപുര സമ്മേളനത്തിൽ പങ്കെടുത്ത് തിരിച്ചെത്തിയപാടെയാണ് അദ്ദേഹം മയ്യഴിയിലെത്തുന്നത്. സുഭാസ്ചന്ദ്ര ബോസിനെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്ത സമ്മേളനമാണത്. ദേശീയരാഷ്ട്രീയത്തിന്റെ ഇടതുപക്ഷസ്വഭാവം കരുത്തുനേടുന്ന ഘട്ടമാണത്. അതിന്റെ ആവേശം അലയടിച്ച വമ്പിച്ച സ്വീകരണമാണ് സുബ്ബയ്യയ്ക്ക് മയ്യഴിയിൽ ലഭിച്ചത്. അദ്ദേഹം തമിഴിൽ ചെയ്ത പ്രസംഗം മലയാളത്തിൽ തർജ്ജമ ചെയ്തയാൾ പ്രസംഗത്തിന്റെ ആവേശം തണുപ്പിക്കുന്നുവെന്ന് വിമർശിച്ച് സദസ്സിൽനിന്ന് ഒരാൾ വേദിയിലെത്തി തർജ്ജമ തുടർന്നുവെന്ന കൗതുകകരമായ വസ്തുത സി. എച്ച് . ഗംഗാധരൻ എടുത്തുപറയു

ന്നുണ്ട്.[2] ഈ സ്വീകരണത്തിന് പിന്നാലെ പോണ്ടിച്ചേരിയിലെയും കാരിക്കാലിലെയും മഹാജനസഭാനേതാക്കൾ മയ്യഴിയിലെത്തു കയും മഹാജനസഭയുടെ മയ്യഴി ഘടകം ആരംഭിക്കുകയും ചെയ്തു.

എൽ. എക്സ്. ദൊരൈസ്സാമി,[3] മരി സവേരി,[4] ലെയോ സെൻഴോം[5] എന്നിവരാണ് പുതുച്ചേരിയിലെ മഹാജനസഭയുടെ നേതാക്കളായി മയ്യഴി ഘടകത്തിന്റെ രൂപീകരണത്തിന് നേതൃത്വം നല്കിയത്. ഈ നേതാക്കളുടെ പ്രസംഗം മലയാളത്തിലാക്കിയത് മൊയാരത്ത് ശങ്കരനാണ് . മഹാജനസഭയുടെ രൂപീകരണം പ്രഖ്യാപിക്കുന്നത് 1938-ലെ വിഷുദിവസം പന്തോക്കാട്ട് നടന്ന സമ്മേളനത്തിൽ വെച്ചാണ്. കല്ലാട്ട് അനന്തൻ മാസ്റ്റർ പ്രസിഡ ന്റും സി. ഇ. ഭരതൻ സെക്രട്ടറിയുമായ ആദ്യത്തെ കമ്മിറ്റിയുടെ ഖജാൻജി ചാണോളിയൻ കൃഷ്ണനായിരുന്നു. ഇക്കാലമാവുമ്പോഴേ ക്കും രൂപപ്പെട്ടുകഴിഞ്ഞ രാഷ്ട്രീയാന്തരീക്ഷത്തിൽ പ്രസിഡന്റ് പദവി ഉപേക്ഷിക്കാൻ കല്ലാട്ട് അനന്തൻ മാസ്റ്റർ തീരുമാനിച്ചു. ഇതിനകം നിയമലംഘനപ്രസ്ഥാനത്തിൽ നേതൃത്വപരമായ നിലയിൽ പങ്കെടുക്കുകയായിരുന്ന ഐ. കെ. കുമാരൻ മാസ്റ്ററെപകരം അദ്ധ്യ ക്ഷനാക്കാൻ ഏകകണ്ഠമായി തീരുമാനിച്ചു. കുമാരൻ മാസ്റ്റർ ആ ഉത്തരവാദിത്തം ഏറ്റെടുത്തു. മയ്യഴിയുടെ വിമോചകനാകാനുള്ള ചരിത്രദൗത്യം കുമാരൻ മാസ്റ്റർക്കുള്ളതായിരുന്നു.

ദേശീയവിമോചനപ്രസ്ഥാനം കരുത്താർജ്ജിക്കുന്ന സാഹച ര്യത്തിൽ അതിന്റെ അലയൊലികൾ തങ്ങളെ ബാധിക്കാതിരിക്കി ല്ലെന്ന് ഫ്രഞ്ചുകാരും അവരോട് വിധേയത്വം പുലർത്തിയിരുന്നവരും മനസ്സിലാക്കിയിരുന്നു. നേരത്തെതന്നെ നിലവിൽവന്ന മുനിസി പ്പാലിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ഫ്രഞ്ചനുകൂലികൾ തങ്ങൾക്ക് അനുകൂലമായ ആളുകളെ ചേർത്ത് സംഘങ്ങൾ ഉണ്ടാ ക്കുകയും ചെയ്തതിൽനിന്നാണ് ഫ്രഞ്ചിന്ത്യൻ രാഷ്ട്രീയപ്പാർട്ടികളുടെ ചരിത്രം ആരംഭിക്കുന്നത്. 1920 കാലത്ത് ഇതിന്റെ നേതൃത്വത്തി ലുണ്ടായിരുന്നത് ഗെയ്ബെലെ (Gaebelé), ഴൊസേഫ് ദാവീദ് (Joseph David) എന്നിവരായിരുന്നു. ഇവർ രണ്ടുപേരും ഫ്രഞ്ചനു കൂലികളായിരുന്നു. ഇവരുടെ രാഷ്ട്രീയത്തിന്റെ അടിസ്ഥാനപ്രശ്നം

[2] സി. എച്ച് ഗംഗാധരൻ, മയ്യഴി, കേരള സാഹിത്യ അക്കാദമി, 2023;139.

[3] Louis Xavier Doraisamy

[4] Marie Savéri

[5] Léon Saint-Jean

ആർക്ക് അധികാരം കിട്ടണം എന്നത് മാത്രമായിരുന്നു. ദാവീദ് പാർട്ടി[6] ക്കുണ്ടായിരുന്ന മേധാവിത്തം തകരുന്നത് ഏദ്വാർ ഗുബേർ (Édouard Goubert) ഫ്രഞ്ച് ഇന്ത്യാ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതോടെയാണ്.

ഗുബേറിന്റെ പാർട്ടിക്ക് കോൺഗ്രസ്സ് സോഷ്യലിസ്റ്റുകാരുമായോ മറ്റേതെങ്കിലും സോഷ്യലിസ്റ്റ് വിഭാഗവുമായോ ഒരു ബന്ധവുമില്ല. ഹിറ്റ്ലർ തന്റെ പാർട്ടിക്ക് നാഷണൽ സോഷ്യലിസ്റ്റ് പാർട്ടി എന്ന് പേര് നല്കിയതുപോലെ സോഷ്യലിസ്റ്റ് മേൽവിലാസം ഗുബേർ എടുത്തതാണ്. പുതുച്ചേരിയിലെ ദാവീദ് പാർട്ടിയുടെയും ഗുബേർ പാർട്ടിയുടെയുമെല്ലാം ബന്ധത്തിൽ മയ്യഴിയിലും മഹാജനസഭയ്ക്കെതിരെ ഫ്രഞ്ചനുകൂലികൾ പ്രവർത്തിച്ചിരുന്നു. ഫ്രാങ്കോ-ഇന്തോ പാർട്ടിയെന്ന പേരിലാണ് മയ്യഴിയിൽ അവർ അറിയപ്പെട്ടത്. വ്യക്തിപ്രഭാവരാഷ്ട്രീയവും അധികാരമോഹവുമല്ലാതെ നിലപാടുകളോ പരിപാടികളോ ഒന്നും ഇവർക്കുണ്ടായിരുന്നില്ല. ഗുണ്ടാപ്പടയുടെ സഹായത്തോടെ മഹാജനസഭക്കാരെയും തങ്ങളെ മാനിക്കുന്നില്ലെന്ന് സംശയിക്കുന്നവരെയും തല്ലിയൊതുക്കുക എന്ന പരിപാടിയാണ് അവർ നടത്തിക്കൊണ്ടിരുന്നത്. മയ്യഴിപ്പുഴയുടെ തീരങ്ങളിലെ അച്ച എന്ന കഥാപാത്രം ഇതിന്റെ മികച്ച മാതൃകയാണ്. ഐ. കെ. കുമാരൻ മാസ്റ്റർ, എൻ. സി. കണ്ണൻ, കളത്തിൽ കൃഷ്ണൻ, അടിയേരി കണ്ണൻ, ടി. സി. കുട്ടിക്കൃഷ്ണക്കുറുപ്പ്, എം. സി. അച്യുതൻ വക്കീൽ തുടങ്ങി ഗുണ്ടകളുടെ ആക്രമണം നേരിടേണ്ടി വന്നവർ നിരവധിയാണ്.

മഹാജനസഭയുടെ പ്രവർത്തനങ്ങൾ കൊളോണിയൽവിരുദ്ധ മനോഭാവമുള്ളവരുടെ കൂടിച്ചേരലിന് വഴിയൊരുക്കി. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഇതിന്റെ പ്രവർത്തകർ മയ്യഴിക്കു പുറത്തുള്ള സമരങ്ങളിലാണ് പങ്കെടുത്തത്. ഐ. കെ. കുമാരൻ മാസ്റ്റർ, സി. ഇ. ഭരതൻ, മംഗലാട്ട് രാഘവൻ, ഈരായി ശ്രീധരൻ, പി. കെ. രാമൻ എന്നിവരെല്ലാം ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം ഉൾപ്പെടെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന സമരങ്ങളിൽ പങ്കെടുത്തവരായിരുന്നു. അവരെല്ലാം ഇതിന്റെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. കുമാരൻ മാസ്റ്ററും സി. ഇ. ഭരതനും അതിന്റെ ഭാഗമായി ശിക്ഷിക്കപ്പെട്ട് ആലിപ്പൂർ ജയിലിൽ തടവിലാക്കപ്പെടുകയും ചെയ്തു. ക്വിറ്റ് ഇന്ത്യാ സമരത്തിൽ

[6] ഫ്രാങ്കോ-ഇന്തോ പാർട്ടി.

പങ്കെടുത്ത മംഗലാട്ട് രാഘവൻ ചോമ്പാല റെയിൽവേസ്റ്റേഷൻ തീവെപ്പ് കേസിൽ പോലീസ് പിടിയിലാവുകയും ക്രൂരമർദ്ദനത്തിന് ഇരയാവുകയും ചെയ്തു. 1946-ലാണ് ഐ. കെ. കുമാരൻ മാസ്റ്റർ ജയിൽവിമോചിതനായി തിരിച്ചെത്തുന്നത്. ഈ കാലയളവിൽ മയ്യഴിയിലെ രാഷ്ട്രീയരംഗം ഏറെക്കുറേ നിശ്ചലമായിരുന്നു.

1939-ലെ പിണറായി പാറപ്രം സമ്മേളനത്തിൽ പങ്കെടുത്ത മുച്ചിക്കൽ പത്മനാഭനും വാഴയിൽ ഗോപിയും ഫ്രഞ്ചധീന മയ്യഴിയിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഘടകം രൂപീകരിക്കുകയെന്ന ദൗത്യവുമായാണ് തിരിച്ചെത്തുന്നത്. സമാനചിന്താഗതിയുള്ളവരെ കണ്ടെത്തി ഒരു ഘടകം രൂപീകരിക്കുവാൻ വലിയ പ്രയാസമൊന്നുമില്ലാതെ അവർക്ക് സാധിച്ചു. കല്ലാട്ട് ദാമു മാസ്റ്റർ, കോട്ടായി വാസു, കോട്ടായി കണാരൻ, കോട്ടായി നാരായണൻ, അടിയേരി കുമാരൻ, ആണിയിൽ അനന്തൻ, പി. പി. കുമാരൻ, എം. എം. കൃഷ്ണൻ, പി. കെ. നാരായണൻ തുടങ്ങിയവർ മയ്യഴിയിലെ കമ്യൂണിസ്റ്റ് പാർട്ടി ഘടകത്തിന്റെ ഭാഗമായി. ഇവരുടെ രാഷ്ട്രീയ നിലപാടുകൾ രഹസ്യമായിരുന്നില്ല. മാത്രമല്ല, അവരെല്ലാം ഒരു സംഘമായി പ്രവർത്തിക്കുവാനും തുടങ്ങി. ഇക്കാരണത്താൽ മഹാജനസഭയിൽ രാഷ്ട്രീയാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ ചേരിതിരിവ് നടന്നു. കോൺഗ്രസ്സ് സോഷ്യലിസ്റ്റുകാരും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ദേശീയതലത്തിലും മയ്യഴിയിലും ഒന്നുചേർന്നാണ് പ്രവർത്തിച്ചിരുന്നത്. ഈ രണ്ട് വിഭാഗങ്ങളും കമ്യൂണിസ്റ്റ് പാർട്ടിയോട് വിയോജിക്കുന്നവരായിരുന്നു. അതിനാൽ മഹാജനസഭയിലെ പിളർപ്പ് ഒഴിവാക്കാൻ സാധിക്കുമായിരുന്നില്ല.

മാർക്സിസ്റ്റ് ബുദ്ധിജീവിയും എഴുത്തുകാരനും പ്രഭാഷകനുമായ മുച്ചിക്കൽ പത്മനാഭൻ എക്കോൽ സെംത്രാലിലെ അദ്ധ്യാപകനായിരുന്നു. വിദ്യാർത്ഥികൾക്ക് പ്രിയംകരനായ മുച്ചിക്കലിന്റെ സ്വാധീനം വിദ്യാർത്ഥികളിലും യുവാക്കളിലും ഗണ്യമായ ഒരു വിഭാഗത്തെ കമ്യൂണിസ്റ്റ് പാർട്ടിയോട് താല്പര്യമുള്ളവരാക്കി. വിദ്യാർത്ഥികൾ സ്റ്റുഡന്റ് കോൺഗ്രസ്സ് എന്ന പേരിലും സ്റ്റുഡന്റ് ഫെഡറേഷൻ എന്ന പേരിലും രണ്ട് ചേരികളായി സംഘടിച്ചു. രാഷ്ട്രീയസമരങ്ങൾ നടക്കാത്ത ആ കാലഘട്ടത്തിൽ സാംസ്കാരികസംഘടനകളിലെ ചർച്ചകൾ രാഷ്ട്രീയനിലപാടുകൾ കാരണം ചൂടുപിടിച്ചു. വിദ്യാർത്ഥികളുടെ രണ്ട് സംഘടനകളും അടിസ്ഥാനപരമായി ഫ്രഞ്ചുവിവിരുദ്ധ നിലപാടുകളാണ് പുലർത്തിയത്. പക്ഷെ

പ്രവർത്തനരംഗത്ത് രണ്ട് ചേരികളായി അവർ പ്രവർത്തിച്ചു.

ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായ മലബാറിൽ കമ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്നതിനാൽ പാർട്ടി പ്രവർത്തകർക്കും നേതാക്കൾക്കും സുരക്ഷിതമായ ഒളിത്താവളങ്ങൾ ഒരുക്കിയത് മയ്യഴിയിലായിരുന്നു. കുഞ്ഞേരീന്റവിട, കോട്ടായീന്റവിട, വട്ടക്കാരീന്റവിട, പറമ്പത്ത്, വളമാരി തുടങ്ങിയ വീടുകളിലായിരുന്നു ഷെൽട്ടർ ഒരുക്കി മയ്യഴിയിലെ പ്രവർത്തകർ സഖാക്കളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചത്. പന്തക്കൽ പാണ്ടിവയലിലുള്ള താലമ്മയുടെ വീടാണ് മലബാറിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഹെഡ്ക്വോട്ടേഴ്സായി പ്രവർത്തിച്ചത്. അതിന്റെ ചുമതല ഇ. കെ. നായനാർക്കായിരുന്നുവെന്ന് കെ. പത്മനാഭൻ രേഖപ്പെടുത്തിയിട്ടുണ്ട്.[7] കല്ലാട്ട് ശങ്കു, കല്ലാട്ട് വാസു, കരിയാണ്ടി അനന്തൻ, പറമ്പത്ത് ബാലൻ, വട്ടക്കാരി അനന്തൻ, പി. കെ. ഭാസ്കരൻ, എ. സി. ശ്രീധരൻ, എ. ഐ. വിശ്വനാഥൻ, പള്ളൂരിലെ കെ. എസ്. ഗോപാലൻ മാസ്റ്റർ, പൂത്തട്ട നാരായണൻ, പന്തക്കലിലെ കുറുങ്ങോട്ട് കുഞ്ഞിരാമൻ തുടങ്ങിയ സഖാക്കൾക്കായിരുന്നു ഷെൽട്ടറുകളുടെ ചുമതല. മുച്ചിക്കൽ ശ്രീദേവി, പി. പി. ലക്ഷ്മി, സി. പി. യശോദ, വളമാരി രേവതി സഹോദരി ജാനകി കോട്ടായി നാണി തുടങ്ങിയ മഹിളാസഖാക്കളുടെ പങ്കും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.

സ്വാതന്ത്ര്യാനന്തര മയ്യഴിയിലെ സാംസ്കാരികരംഗത്ത് സജീവമായ ഇടപെടൽ നടത്തിയ യങ് മാർക്സിസ്റ്റ് ലീഗ് എന്ന സംഘടന കമ്യൂണിസ്റ്റ് പാർട്ടിയുടെ മുൻകൈയിലാണ് രൂപീകരിക്കപ്പെട്ടത്. കെ. ദാമോദരൻ, എൻ. ഇ. ബലറാം, പി. ആർ. നമ്പ്യാർ, ഉണ്ണിരാജ തുടങ്ങിയ മാർക്സിസ്റ്റ് ബുദ്ധിജീവികളും എഴുത്തുകാരും ഈ സംഘടനയുടെ വേദികളിൽ ക്ലാസ്സെടുക്കുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. യങ് മാർക്സിസ്റ്റ് ലീഗിന്റെ സമ്മേളനത്തിന്റെ പ്രവേശനകവാടം ഫാസിസത്തിനെതിരെയുള്ള പോരാട്ടത്തിൽ രക്തസാക്ഷിത്വം വഹിച്ച മയ്യഴിക്കാരനായ മിച്ചിലോട്ട് മാധവന്റെ സ്മരണ ഉയർത്തിപ്പിടിക്കുന്നതായിരുന്നു. ഈ സമ്മേളനത്തിൽ വിമോചനം എന്ന പേരിൽ മയ്യഴി വിമോചനത്തിന്റെ ചരിത്രം അവതരിപ്പിക്കുന്ന ഒരു നാടകം സാഹിത്യശിരോമണി മച്ചിങ്ങൽ രാഘവൻ മാസ്റ്റർ എഴുതി അവതരിപ്പിച്ചിരുന്നു. ഐ. കെ. കുമാരൻ, മേയർ സഹദേവൻ, സി. ഇ. ഭരതൻ, മംഗലാട്ട് രാഘവൻഎന്നിവരൊക്കെയായിരുന്നു ആ

[7] കെ. പത്മനാഭൻ, ചരിത്രസ്മൃതികൾ, മാഹി സ്പോർട്സ് ക്ലബ്ബ്, 2007, പുറം 46.

നാടകത്തിലെ കഥാപാത്രങ്ങൾ.

ഈ കാലത്ത് മുനിസിപ്പാലിറ്റിയിലേക്കും പുതുച്ചേരിയിലെ അസംബ്ലിയിലേക്കും നടന്ന തെരഞ്ഞെടുപ്പുകളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ എതിർചേരിയിയിലാണ് മഹാജനസഭയുടെ സ്ഥാനാർ ത്ഥികൾ മത്സരിച്ചത്. ഫ്രണ്ട് നാസ്യോനാൽ ഡെമോക്രാത്തീക്ക്[8] എന്ന മുന്നണി രൂപീകരിച്ച് ജനാധിപത്യവാദികളെ അണിനിരത്തി മത്സരിക്കുകയാണ് കമ്യൂണിസ്റ്റ് പാർട്ടി ചെയ്തത്. വളരെ വീറും വാശിയും നിറഞ്ഞ പോരാട്ടങ്ങളായിരുന്നു ആ തെരഞ്ഞെടുപ്പുകൾ.

സ്വാതന്ത്ര്യപൂർവ്വ മയ്യഴിയിലെ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പു കളിൽ ജനസംഖ്യയിലെ ഗണ്യമായ വിഭാഗമായ ഇസ്ലാംമതത്തിൽ പ്പെട്ടവരുടെ ശ്രദ്ധേയമായ സാന്നിദ്ധ്യമുണ്ടായിരുന്നു. ഡപ്യൂട്ടി മേയറായും പ്രദേശത്തിന്റെ ചുമതലയുള്ള ഡപ്യൂട്ടിമാരായും അവർ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 1920-ൽ നാലുപുരയിൽ സഹദേവൻ വക്കീൽ മേയറായപ്പോൾ അദ്ദേഹത്തിന്റെ ഡപ്യൂട്ടി മേയർ കക്കാട്ട് ചെറിയത്ത് പക്കിയായിരുന്നു. 1928-ൽ കണ്ടോത്ത് എറമ്പള്ളി ഗോപാലൻ മേയറായപ്പോഴും ഇദ്ദേഹം ഡപ്യൂട്ടിയായി തുടർന്നു. മയലക്കര കുടുംബത്തിന്റെ ബന്ധുവായ വട്ടക്കാരി കുഞ്ഞഹമ്മദ് 1931-ൽ സഹദേവൻ വക്കീൽ മേയറായപ്പോൾ കൗൺസിലറാ യിരുന്നു. 1931-ൽ മുനിസിപ്പൽ കൗൺസിൽ പിരിച്ചുവിട്ട് ഏഴംഗ കമ്മീഷനെ നാമനിർദ്ദേശം ചെയ്തപ്പോൾ കക്കാട്ട് ചെറിയത്ത് പക്കി അതിൽ അംഗമായിരുന്നു. മയ്യഴിയുടെ പൊതുജീവിതത്തിൽ മുസ്ലിംവിഭാഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു.

മയ്യഴിയിൽ മാത്രമല്ല ഫ്രഞ്ച് ഇന്ത്യയുടെ ഭാഗമായ എല്ലാ പ്രദേശങ്ങളിലും ഗണ്യമായ മുസ്ലിം ജനസംഖ്യയുണ്ടായിരുന്നു. മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിലുള്ള അഖിലേന്ത്യാ മുസ്ലിം ലീഗിന്റെ പുതുച്ചേരി ഘടകം ഫ്രഞ്ച് ഇന്ത്യാ മുസ്ലിം ലീഗ് എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. അതിന്റെ പ്രസിഡന്റ് എസ്. മുഹമ്മദ് ദാവൂദ് ഫ്രഞ്ച് അധികാരികൾക്ക് സമർപ്പിച്ച നിവേദന ത്തിൽ മയ്യഴി, കാരൈക്കാൽ, ചന്ദ്രനാഗോർ എന്നിവിടങ്ങളിലെ ജനസംഖ്യയുടെ മുപ്പത്തിമൂന്ന് ശതമാനം മുസ്ലീങ്ങളാണെന്നും എന്നാൽ ഇതിന് അനുസൃതമായ പ്രാതിനിധ്യം കിട്ടുന്നില്ലെന്നും

[8] Front National Démocratique. എഫ്. എൻ. ഡി എന്ന ചുരുക്കപ്പേരി ലാണ് ഈ മുന്നണി അറിയപ്പെട്ടിരുന്നത്.

വാദിക്കുന്നുണ്ട്. മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ പ്രത്യേകനിയോജകമണ്ഡലം വേണമെന്നും പുതുച്ചേരിയിലെ അസംബ്ലിയിലും ഫ്രഞ്ച് പാർലമെന്റിലും മുസ്ലിം സംവരണം വേണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നുണ്ട്. 1954-ൽ ഫ്രഞ്ച് ഭരണം അവസാനിക്കുമ്പോഴും ലീഗിന്റെ ആവശ്യങ്ങൾ ഫ്രഞ്ചുകാർ അംഗീകരിച്ചിരുന്നില്ല. ദേശീയ വിമോചനപ്രസ്ഥാനത്തിൽനിന്ന് ചില വിഭാഗങ്ങളെ അടർത്തി മാറ്റി നിറുത്തുക എന്ന കൊളോണിയൽ കൗശലത്തിന്റെ ഇരയായി ത്തീരുകയായിരുന്നു, അവർ.

നേതാക്കളുടെ അറസ്റ്റും ജയിൽവാസവും കാരണം നിശ്ചലമായിത്തീർന്ന സ്വാതന്ത്ര്യസമരം ശക്തിപ്രാപിക്കുന്നത് 1946-ൽ ഐ. കെ. കുമാരൻ മാസ്റ്റർ ജയിൽവിമോചിതനായി തിരിച്ചെത്തിയതോടെയാണ്. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതിനെത്തുടർന്ന് ദേശീയതലത്തിൽ സ്വാതന്ത്ര്യസമരം ശക്തിപ്രാപിക്കുകയും ബ്രിട്ടീഷുകാർ ചർച്ചകൾക്ക് സന്നദ്ധമാവുകയും ചെയ്യുന്ന ഘട്ടമാണിത്. ബ്രിട്ടീഷ് ഭരണം അവസാനിക്കുകയാണ് എന്ന തോന്നൽ സ്വാതന്ത്ര്യസമര സേനാനികൾക്ക് മാത്രമല്ല പൊതുസമൂഹത്തിനിടയിലും ശക്തിപ്രാപിച്ചിരുന്നു. ഇന്ത്യ മുഴുവൻ വ്യാപിച്ചുകിടക്കുന്ന ബ്രിട്ടന്റെ കോളനിവാഴ്ച അവസാനിക്കുന്നതോടെ സ്വാഭാവികമായി മറ്റ് കൊളോണിയൽ വാഴ്ചകളും അവസാനിക്കുമെന്ന ചിന്തയാണ് വ്യാപകമായിരുന്നത്. ഇക്കാര്യം തിരിച്ചറിയാൻ ഇന്ത്യയിലെ ഫ്രഞ്ച് അധികാരികൾക്ക് സാധിച്ചിരുന്നു. സ്വതന്ത്ര ഇന്ത്യയിലെ തങ്ങളുടെ കേന്ദ്രങ്ങൾ നിലനിർത്തുവാനുള്ള തന്ത്രങ്ങളാണ് തുടർന്ന് ഫ്രഞ്ചുകാർ തയ്യാറാക്കിയത്.

ഇന്ത്യയിലെ ഫ്രഞ്ച് അംബാസഡർ സ്റ്റാനിസ്ലാസ് ഒസ്ത്തറോഗ് (Stanislas Ostroróg) പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവുമായും വിദേശകാര്യസെക്രട്ടറി ബി. കെ. നെഹ്റുവുമായും 1947 ആഗസ്റ്റിൽ തന്നെ ഔപചാരികമായ ചർച്ചകൾ നടത്തി ഫ്രഞ്ചുകാരുടെ കൈവശമുള്ള ചെറിയ താവളങ്ങൾ ഇന്ത്യയ്ക്ക് വിട്ടുകൊടുക്കാൻ സമ്മതിച്ചു. ഈ താവളങ്ങൾ ലോജ് (loges) എന്ന പേരിൽ അറിയപ്പെടുന്നവയാണ്. ഒരു കെട്ടിടമോ കോട്ടയോ പാണ്ടികശാലയോ മാത്രമായിരിക്കും ഇവ. കോഴിക്കോട്, മച്ചലിപട്ടണം, സൂറത്ത് എന്നിവിടങ്ങളിൽ ഇത്തരം ലോജുകൾ ഫ്രഞ്ചുകാർക്ക് ഉണ്ടായിരുന്നു. അവയെല്ലാം മേല്പറഞ്ഞ ചർച്ചയിൽ ഫ്രഞ്ചുകാർ വിട്ടുകൊടുത്തു. എന്നാൽ തങ്ങളുടെ പ്രജകൾ താമസിക്കുന്ന സ്ഥലങ്ങൾ അങ്ങനെ

നിരുപാധികമായി വിട്ടുകൊടുക്കാൻ ഫ്രഞ്ചുകാർ തയ്യാറായില്ല. ജനഹിതപരിശോധന നടത്തി തീരുമാനിക്കണം എന്നതായിരുന്നു ഫ്രഞ്ചുകാർ ഉന്നയിച്ച വ്യവസ്ഥ. ഈ വ്യവസ്ഥ ജവഹർലാൽ നെഹ്റു അംഗീകരിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ ഫ്രഞ്ച് കോളനിഭരണം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യാനായി ജവഹർലാൽ നെഹ്റുവിനെ പുതുച്ചേരിയിലെ സ്വാതന്ത്ര്യസമരനേതാക്കൾ സന്ദർശിച്ചു. ഈ സംഘത്തിൽ മയ്യഴിയിൽനിന്ന് മഹാജനസഭയുടെ സെക്രട്ടറിയും അതിലെ കോൺഗ്രസ്സ് വിഭാഗത്തിന്റെ നേതാവുമായ സി. ഇ. ഭരതൻ അംഗമായിരുന്നു. ഫ്രഞ്ച് അംബാസഡറുമായുള്ള ചർച്ചയെക്കുറിച്ചും അതിലെ തീരുമാനങ്ങളെക്കുറിച്ചും നെഹ്റു ഈ സംഘത്തോട് പറഞ്ഞു. അന്യായമായി കോളനിയാക്കി കൈവശംവെച്ച സ്ഥലത്തുനിന്നും ഇത്തരം വ്യവസ്ഥകളൊന്നുമില്ലാതെ ഒഴിഞ്ഞുപോവുകയാണ് വേണ്ടതെന്ന് പുതുച്ചേരിയിൽനിന്ന് എത്തിയ സംഘം അയവില്ലാത്ത നിലപാട് കൈക്കൊണ്ടു. 1947 ആഗസ്ത് 15-നു മുമ്പുള്ള രാഷ്ട്രീയാവസ്ഥയല്ല ഇപ്പോഴുള്ളതെന്ന് നേതാക്കളെ ധരിപ്പിക്കാൻ പ്രയാസമായിരുന്നു. അത്രത്തോളം വൈകാരികമായ പ്രതികരണമായിരുന്നു നേതാക്കളുടേത്. രണ്ട് സ്വതന്ത്ര-പരമാധികാര രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നമാണ് ഇന്ത്യയുടെ പ്രധാനമന്ത്രിയെന്ന നിലയിൽ കൈകാര്യം ചെയ്യാനാവുകയെന്നും അന്താരാഷ്ട്രമര്യാദ അനുസരിച്ച് തീരുമാനിക്കേണ്ട നയതന്ത്രപ്രശ്നമാണ് ഇതെന്നും നെഹ്റു വിശദീകരിച്ചു. അതിനാൽ അംബാസഡറുമായുള്ള ചർച്ചയിൽ നിശ്ചയിച്ച ജനഹിതപരിശോധനയ്ക്ക് വിധേയമാവാൻ നെഹ്റു ഉപദേശിച്ചു.

ജനഹിതപരിശോധന എന്ന വ്യവസ്ഥ അപമാനകരമായ കീഴടങ്ങലാണെന്ന് സോഷ്യലിസ്റ്റ് നേതാക്കളായ ജയപ്രകാശ് നാരായണനും രാം മനോഹർ ലോഹ്യയും ഒരേ സ്വരത്തിൽ വിമർശിച്ചു. ഈ നിലപാടാണ് മയ്യഴിയിൽ മഹാജനസഭയ്ക്കകത്തെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് വിഭാഗവും കൈക്കൊണ്ടത്. അതിനാൽ അപമാനകരമായ ജനഹിതപരിശോധന ബഹിഷ്കരിക്കുമെന്ന് അവർ പ്രഖ്യാപിച്ചു. മഹാജനസഭയ്ക്കകത്തെ പ്രബലവിഭാഗമായ സോഷ്യലിസ്റ്റ് പക്ഷം ജനഹിതപരിശോധനയിൽനിന്ന് വിട്ടുനിന്നാൽ ഫ്രഞ്ച്‌വിരുദ്ധമായ വോട്ടുകൾ നഷ്ടപ്പെടുകയും അങ്ങനെ ഫ്രഞ്ചുകാർ തുടരണം എന്ന വിധിയെഴുത്ത് ഉണ്ടാവുകയും ചെയ്യു

മെന്ന് വളരെ പെട്ടെന്നുതന്നെ അവർ തിരിച്ചറിഞ്ഞു. അതോടെ, രാഷ്ട്രീയമായ വിയോജിപ്പുള്ള ജനഹിതപരിശോധനയിൽ മഹാജനസഭയുടെ പ്രവർത്തനങ്ങളിൽ അവർ സജീവമായി.

മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്താനും തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ ഫ്രഞ്ചുകാർ വിട്ടൊഴിയുകയോ തുടരുകയോ ചെയ്യേണ്ടത് എന്നതിൽ തീരുമാനം കൈക്കൊള്ളണം എന്നതായിരുന്നു വ്യവസ്ഥ. ഭൂരിപക്ഷാഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം പാസ്സാവുക എന്നതിനാൽ മുനിസിപ്പൽ കൗൺസിലിലെ ഓരോ സീറ്റും വിലപ്പെട്ടതാണ്. മുഴുവൻ സീറ്റുകളിലും സ്ഥാനാർത്ഥികളെ നിറുത്തി എല്ലാവരെയും വിജയിപ്പിക്കുവാനുള്ള പ്രവർത്തനത്തിൽ മഹാജനസഭയുടെ പ്രവർത്തകർ മുഴുകി. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ കൊളോണിയൽ അധികാരമെല്ലാം അവസാനിക്കുകതന്നെ ചെയ്യുമെന്നും ഫ്രഞ്ചുകാരും ഭരണം വിട്ടൊഴിയും എന്ന വിശ്വാസം പൊതുസമൂഹത്തിൽ വേരുറയ്ക്കുന്നുണ്ട്. അതിനെ ഭീഷണികൊണ്ടും അക്രമംകൊണ്ടും തകർക്കാനാണ് ഫ്രഞ്ചനുകൂലികൾ ശ്രമിച്ചത്. പുതുച്ചേരിയുടെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കടുത്ത കൊളോണിയൽവിരുദ്ധ നിലപാട് മയ്യഴിയിലുണ്ടായിരുന്നു. മറ്റിടങ്ങളിലെല്ലാം ഫ്രഞ്ചനുകൂലമായ വിധിയെഴുത്ത് ഉണ്ടാക്കിയെടുക്കാനാകുമെന്ന് ഭരണാധികാരികൾ മനസ്സിലാക്കിയിരുന്നു. ബംഗാളിലെ ചന്ദ്രനാഗോറും മയ്യഴിയുമാണ് ഫ്രഞ്ച് വിരുദ്ധമായി വിധിയെഴുതുകയെന്നും അവർ മനസ്സിലാക്കിയിരുന്നു. മയ്യഴിയിലെ തെരഞ്ഞെടുപ്പിൽ ജയിക്കാൻ ആവനാഴിയിലെ അവസാനത്തെ ആയുധവും എടുത്തുപൊരുതാൻ ഫ്രഞ്ചനുകൂലികൾ തീരുമാനിച്ചു.

തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ തിരിച്ചറിയൽ കാർഡ് സമ്പ്രദായം ഫ്രഞ്ചുകാരുടെ ഭരണകാലത്ത് നിലവിലുണ്ടായിരുന്നു. ടി എൻ. ശേഷൻ തെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്ന കാലത്ത് ഇന്ത്യയിൽ നടപ്പിലാക്കിയ പരിഷ്കാരം പണ്ടുമുതൽ മയ്യഴിയിലും ഉണ്ടായിരുന്നു. വോട്ടർപട്ടികയിൽ പേരുള്ളവരിൽ ഫ്രഞ്ച് അനുകൂലികൾക്ക് കാർഡ് കൊടുക്കുക, അല്ലാത്തവരുടെ കാർഡിലെ വിവരങ്ങളിൽ തെറ്റ് വരുത്തുക, കാർഡ് കൊടുക്കുന്നത് വൈകിപ്പിക്കുക എന്നിങ്ങനെ പല തന്ത്രങ്ങളാണ് അവർ പരീക്ഷിച്ചത്. മഹാജനസഭയുടെ പ്രവർത്തകർ ഇതെല്ലാം പ്രതീക്ഷിച്ചതുതന്നെയായിരുന്നു. ഒരു വോട്ടുപോലും നഷ്ടപ്പെട്ടു പോകാതിരിക്കാൻ അവർ ജാഗ്രത

യോടെ പ്രവർത്തിച്ചു. തെരഞ്ഞെടുപ്പ് അടുത്തിട്ടും വോട്ടർ തിരിച്ചറിയൽ കാർഡ് കിട്ടാത്തവരെ നയിച്ച് അവർ 1948 ഒക്ടോബർ 21-ന് മെറി[9] യിലെത്തി, സത്യാഗ്രഹസമരം പ്രഖ്യാപിച്ചു. ഒക്ടോബർ വിപ്ലവത്തിന്റെ വീരനായകനായ മംഗലാട്ട് രാഘവൻ അന്നത്തെ സംഭവങ്ങൾ വിവരിക്കുന്നത് ഇങ്ങനെയാണ്:

> ഒക്ടോബർ 21ന് നടക്കേണ്ട തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനു വോട്ടർമാർക്ക് അർഹത നല്കുന്ന 'ആളെ തിരിച്ചറിയൽ കാർഡു'കൾ ഫ്രഞ്ചനുകൂലികളല്ലാത്തവർക്ക് നല്കാൻ കൂട്ടാക്കിയില്ല. കാർഡുള്ളവർക്ക് മാത്രമേ പോളിംഗ് ബൂത്തിൽ ബാലട്ട് പേപ്പർ കിട്ടുകയുള്ളൂ. കാർഡ് കിട്ടാത്ത മഹാജനസഭക്കാരും സോഷ്യലിസ്റ്റുകാരും ഫ്രഞ്ചനുകൂലികളുടെ നേതാവായിരുന്ന മുൻസിപ്പാൽ ചെയർമാന്റെ വീട്ടിൽ ജാഥയായിപോയി. ഇതുകൊണ്ട് ഫലമില്ലാതായപ്പോൾ ശ്രീ. ഐ. കെ. യുടെ നേതൃത്വത്തിൽ അവർ മുൻസിപ്പാൽ ആഫീസിലേക്ക് മാർച്ചുചെയ്ത് കാർഡുകളാവശ്യപ്പെട്ട് സത്യാഗ്രഹമാരംഭിച്ചു. വൈകുന്നേരം 5 മണിയായപ്പോൾ മുൻസിപ്പാൽ അധികൃതർ ആഫീസ് പൂട്ടാനൊരുങ്ങി.
>
> കാർഡുകൾ കിട്ടാതെ ആഫീസ് പൂട്ടാൻ അനുവദിക്കുകയില്ലെന്ന് ഐ. കെ. യും അനുയായികളും പ്രഖ്യാപിച്ചു. നേരത്തെ അവിടെ താവളമടിച്ചിരുന്ന മിലിട്ടറിപോലീസ് ബലം പ്രയോഗിച്ച് സത്യാഗ്രഹികളെ പുറത്താക്കാൻ ശ്രമിച്ചു. ശ്രീ. ഐ. കെ.യുടേയും സോഷ്യലിസ്റ്റ് പ്രവർത്തകനായ എം. നാരായണൻ നായരുടെയും മേൽ കയ്യേറ്റം നടന്നു. നാരായണൻ നായർ തിരിച്ചടിച്ചു. ഇതോടെ മുൻസിപ്പാൽ ആഫീസിൽ തടിച്ചുകൂടിയ ജനക്കൂട്ടവും പോലീസും തമ്മിൽ ഏറ്റുമുട്ടി. നില്ക്കക്കള്ളിയില്ലെന്നു കണ്ടപ്പോൾ പോലീസുകാർ ഓടിരക്ഷപ്പെട്ടു. പ്രക്ഷുബ്ധരായ ജനങ്ങൾ മുൻസിപ്പാൽ ഓഫീസിൽ സൂക്ഷിച്ചിരുന്ന വോട്ടിംഗ് കാർഡുകൾ പിടിച്ചെടുത്തു പിച്ചിച്ചീന്തി. കസേരകളും മേശകളും തകർക്കപ്പെട്ടു.

[9] Mairie- മേയറുടെ ആസ്ഥാനമായ മുനിസിപ്പൽ ഓഫീസ്.

> മുൻസിപ്പാൽ ആഫീസിലെ മുഴവൻ റിക്കാർഡുകളും ജനങ്ങൾ വലിച്ചെടുത്തു വെളിയിലേക്കെറിഞ്ഞു. ഇതിനിടയിൽ പരിക്ഷീണനായി കഴിഞ്ഞിരുന്ന ഐ. കെ.യെ മുൻസിപ്പാൽ ആഫീസിന്നു തൊട്ടടുത്ത മഹാജനസഭ ആഫീസിലേക്ക് മാറ്റിക്കഴിഞ്ഞിരുന്നു. മുൻസിപ്പാൽ റിക്കാർഡുകൾ ആഫീസിന്നു മുമ്പിലുള്ള പൊതുനിരത്തിന്മേൽ വലിച്ചെറിയപ്പെട്ടുന്നതിന്നിടയിൽ അവയ്ക്ക് തീക്കൊടുക്കേണമെന്ന് ആവേശത്തള്ളിച്ചയിൽ ആദ്യമായി പറഞ്ഞത് മയ്യഴി സ്വാതന്ത്ര്യസമരത്തിലെ വീരയോദ്ധാക്കളിലൊരാളായ ശ്രീ. മടത്തിക്കണ്ടി ഗോവി യാണ്. സോഷ്യലിസ്റ്റുകാരായ എനിക്കും ശ്രീ. കുമ്മായ രാഘവനും ഈ ആശയം നന്നെ പിടിച്ചു. തീക്കൊടുക്കൽ പ്രായോഗികമാക്കാൻ സോഷ്യലിസ്റ്റ് വിപ്ലവാഭിനിവേശം ഞങ്ങളെ പ്രേരിപ്പിച്ചു. നിമിഷങ്ങൾക്കുള്ളിൽ, സമീപത്തുണ്ടായിരുന്ന ശ്രീ. കുമ്മായ രാഘവന്റെ പുകയില ലൈസൻസ് പീടികയിൽ സ്വന്താവശ്യത്തിന്നു സൂക്ഷിച്ചിരുന്ന പൊളിക്കാത്ത ഒരു ടിൻ മണ്ണെണ്ണ മുനിസിപ്പാൽ ആഫീസിനു മുമ്പിലെത്തിയതും അതു പൊളിച്ചു മണ്ണെണ്ണ ഒഴിച്ച് മുൻസിപ്പൽ ഓഫീസിലെ തടിയൻ റെക്കോർഡുകൾക്ക് തീ കൊടുത്തതും ഒന്നിച്ചായിരുന്നു.”[10]

സമരക്കാർ മെറി പിടിച്ചടക്കി. ജീവനക്കാർ മർദ്ദനം ഭയന്ന് ഓടി രക്ഷപ്പെട്ടിരുന്നു. പിടിച്ചടക്കിയ മെറിയിലെ കൊടിമരത്തിൽ ഫ്രഞ്ച് പതാക വലിച്ചിറക്കി അവിടെ ത്രിവർണ്ണപാതാക കയറ്റുകയും ചെയ്തതോടെ വോട്ടർ തിരിച്ചറിയൽ കാർഡിനായി ആരംഭിച്ച സത്യാഗ്രഹം മയ്യഴി പിടിച്ചടക്കലിൽ ചെന്നെത്തി.

പ്രാണരക്ഷയ്ക്കായി ഓടിപ്പോയ പോലീസുകാരിൽനിന്ന് വിവരമറിഞ്ഞ അഡ്മിനിസ്ട്രേറ്റർ പെരിയെയും മിലിട്ടറി പോലീസിന്റെ തലവനായ കൊമ്മീസാർ ബസ്സവയും സായുധരായ മിലിറ്ററി പോലീസിനെ നയിച്ച് മുനിസിപ്പൽ ഓഫീസിനു മുന്നിലേക്കെത്തി. അവർ ആൾക്കൂട്ടത്തിനുനേരെ നിറതോക്കുകളുമായി ഒരുങ്ങുന്നത്

---

[10] മംഗലാട്ട് രാഘവൻ, വെളിച്ചം നിറഞ്ഞ വഴികൾ, നെയ്തൽ പതിപ്പകം, 2022, പുറം 60.

സമരക്കാരിൽ പരിഭ്രാന്തി പടർത്തി. ഈ സമയത്ത് മംഗലാട്ട് രാഘവൻ പോലീസിനു മുന്നിൽച്ചെന്ന് അഡ്മിനിസ്ട്രേറ്റർ പെരിയയോടു പറഞ്ഞു. "ഇത് ഗാന്ധിജിയുടെ നാടാണ്. വെടിയുണ്ട ഞങ്ങളെ പിന്മാറ്റില്ല. വേണമെങ്കിൽ വെടിവെച്ചു കൊള്ളൂ." അതോടെ മഹാജനസഭാ വൈസ് പ്രസിഡന്റ് പി. കുമാരനും മംഗലാട്ടിനോടൊപ്പം ചേർന്നു. കൊളോണിയൽ ചരിത്രത്തിൽ മറ്റെവിടെയും സംഭവിച്ചിട്ടില്ലാത്ത കാര്യമാണ് തുടർന്ന് ഉണ്ടായത്. വെടിവെക്കാനായി ഒരുങ്ങിനിന്ന മിലിട്ടറി പോലീസിനെ പിൻവലിച്ച് അഡ്മിനിസ്ട്രേറ്ററും കൊമ്മീസാറും തിരികെ പോയി. ഗാന്ധിയൻ രീതിയിലുള്ള പ്രതിരോധമാണ് ഇതിനു കാരണമെന്ന് മംഗലാട്ട് രാഘവൻ എഴുതുന്നുണ്ട്.

മെറി പിടിച്ചടക്കിയവരെ നേരിടാതെ മിലിട്ടറി പോലീസും അഡ്മിനിസ്ട്രേറ്ററും പിൻവാങ്ങിയത് സമരക്കാരുടെ വിപ്ലവവീര്യത്തെ ഉജ്ജ്വലിപ്പിച്ചു. മറ്റെല്ലാ സർക്കാർ സ്ഥാപനങ്ങളും പിടിച്ചടക്കി മയ്യഴി സ്വതന്ത്രമാക്കാൻ സമരക്കാർ തീരുമാനിച്ചു. അവർ ജാഥയായി മുന്നോട്ടുനീങ്ങി. കുമ്മായ രാഘവൻ പോലീസ് സ്റ്റേഷനിൽ കടന്നുചെന്ന് ആയുധംവെച്ച് കീഴടങ്ങാൻ കൊമ്മീസാറോട് ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം പുറത്തു കാത്തുനില്ക്കുന്ന സമരഭടന്മാർ സ്റ്റേഷൻ ആക്രമിക്കുമെന്ന് മുന്നറിയിപ്പ് നല്കി. കീഴടങ്ങുകയല്ലാതെ ആ സാഹചര്യത്തിൽ പോലീസിനുമുന്നിൽ വേറെ മാർഗ്ഗമൊന്നും ഉണ്ടായിരുന്നില്ല. അവർ കീഴടങ്ങി. സമരഭടന്മാർ കടന്നുചെന്ന് ആയുധങ്ങളെല്ലാം പിടിച്ചെടുത്തു. തുടർന്ന് മാർച്ചുചെയ്ത് അഡ്മിനിസ്ട്രേറ്ററുടെ ഓഫീസിലെത്തി അഡ്മിനിസ്ട്രേറ്ററോട് കീഴടങ്ങാൻ ആവശ്യപ്പെട്ടു. കീഴടങ്ങിയ അദ്ദേഹത്തെ ബന്ദിയാക്കി. അതോടെ, മയ്യഴി സ്വതന്ത്രമായതായി പ്രഖ്യാപിച്ച് സമരഭടന്മാർ അവരുടെ ഭരണകൂടം സ്ഥാപിച്ചു. അഡ്മിനിസ്ട്രേറ്ററുടെ ഓഫീസിലെ കൊടിമരത്തിൽ ഐ. കെ. കുമാരൻ മാസ്റ്റർ ഒക്ടോബർ 22-ന് ഇന്ത്യയുടെ ദേശീയപതാക ഉയർത്തി. ഇന്ത്യാ ഗവൺമെന്റിനോട് മയ്യഴിയിലെ ഫ്രഞ്ച് ഭരണം തകർന്നുവെന്നും ഇന്ത്യൻ യൂനിയന്റെ ഭാഗമായി ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ട് കമ്പി സന്ദേശം അയച്ചു. പക്ഷെ, നേരത്തെ ഫ്രഞ്ച് അംബാസഡറുമായുള്ള ധാരണയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയാണ് വിമോചനസമരക്കാരിൽനിന്ന് ഉണ്ടായത് എന്നതിനാൽ ഈ ആവശ്യം ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചില്ല. അതിനാൽ ഒരു ഡിഫൻസ് കൗൺസിൽ രൂപീകരിച്ച് സ്വന്തം നിലയിൽ ഭരണം നടത്താൻ

തീരുമാനിച്ചു.

ഐ. കെ. കുമാരൻ മാസ്റ്റർ, സി. ഇ. ഭരതൻ, മംഗലാട്ട് രാഘവൻ, പി. കെ. രാമൻ, പി. ശിശുപാലൻ, പാറമ്മൽ കുമാരൻ, പോന്തയാട്ട് അനന്തൻ നായർ, മുച്ചിലോട്ട് ഭരതൻ, കെ. പി. അബ്ദുൾ ഖാദർ, കുമ്മായ രാഘവൻ, പി. വി. അനന്തൻ, എന്നിവ രായിരുന്നു അതിലെ അംഗങ്ങൾ. ഐ. കെ. കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളുടെ ചുമതല പാറമ്മൽ കുമാരൻ, പി. ശിശുപാലൻ, മുച്ചിലോട്ട് ഭരതൻ, പോന്തയാട്ട് അനന്തൻ നായർ, എന്നിവരെ ചുമതലപ്പെടുത്തി. ഡിഫൻസ് കൗൺസിലിന്റെ ഭരണം ഒക്ടോബർ 28-വരെ മാത്രമേ നടന്നുള്ളൂ. മയ്യഴിയെ വിമോ ചിപ്പിക്കാൻ ഫ്രഞ്ച് നാവികപ്പടയുടെ ഒരു കപ്പൽ അന്ന് മയ്യഴി അഴിമുഖത്ത് നങ്കൂരമിട്ടു. അതിലെ പട്ടാളം തോണികളിൽ മയ്യഴി യിലേക്ക് എത്തുന്നതിനു മുമ്പ് ഡിഫൻസ് കൗൺസിലും അവരെ അനുകൂലിക്കുന്ന ബഹുജനങ്ങളും മയ്യഴിയിൽനിന്ന് അയൽപ്രദേശ ങ്ങളിലേക്ക് പിൻവാങ്ങി.

ചന്ദ്രനാഗോറിൽ ജനഹിതപരിശോധനയിൽ ഫ്രഞ്ചുകാർ ക്കെതിരെയുള്ള വിധിയെഴുത്താണ് ഉണ്ടായത് എന്നതിനാൽ അതിനോടടുത്ത ഇന്ത്യൻ പ്രദേശത്തെ കലക്ടർക്ക് അധികാരം കൈമാറി അവിടെനിന്ന് ഫ്രഞ്ചുകാർ ഒഴിഞ്ഞുപോയി. മയ്യഴിയിൽ കലാപം കാരണം ജനഹിതപരിശോധന നടന്നില്ല. പുതുച്ചേരി യുടെ ഭാഗമായ മറ്റ് പ്രവിശ്യകളിലെല്ലാം ഫ്രഞ്ച് അനുകൂലികളാണ് വിജയിച്ചത്. നാവികപ്പടയുടെ സഹായത്തോടെ തിരിച്ചുപിടിച്ച മയ്യഴി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ 1954 ജൂലായ് വരെ ഫ്രഞ്ച് ഭരണത്തിൻകീഴിൽ തുടർന്നു. പക്ഷെ, 1948 ഒക്ടോബർ 21-ന് മയ്യഴിയിലുണ്ടായ കലാപവും ഫ്രഞ്ച് ഭരണത്തിന്റെ പതനവും ഡിഫൻസ് കൗൺസിലിന്റെ ഭരണവും പുതുച്ചേരിയുടെ മറ്റ് പ്രവിശ്യ കളിലെ സ്വാതന്ത്ര്യസമരത്തിന് പുതിയ ഉണർവ്വും ആവേശവും നല്കി. പുതുച്ചേരി വിമോചനത്തിലെ മയ്യഴിയുടെ മാതൃകയെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്.

അയൽപ്രദേശങ്ങളിലേക്ക് പിൻവാങ്ങിയ സ്വാതന്ത്ര്യസമ രഭടന്മാരും അവരുടെ കുടുംബാംഗങ്ങളും അനുഭാവികളുമെല്ലാം അഴിയൂരിലാണ് താവളം ഉറപ്പിച്ചത്. രാഷ്ട്രീയാഭയാർത്ഥികളായ അവരെ ഇന്ത്യാ സർക്കാർ പിന്തുണ നല്കി സംരക്ഷിച്ചു. ജോലി

നഷ്ടപ്പെട്ടവരെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിയമിച്ചു. അഴിയൂരിൽനിന്ന് മയ്യഴിക്കകത്തുള്ളവരെ വിമോചനസമരത്തിന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങൾ തുടർന്നു. ഇത്തരം പരിപാടികൾ തുടരുന്നതിനിടയിലാണ് അന്തിമവിമോചനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. അതിന്റെ ആദ്യപരിപാടി വ്യക്തിസത്യാഗ്രഹമായിരുന്നു. 1954 ഏപ്രിൽ 9-ന് ആരംഭിച്ച വ്യക്തിസത്യാഗ്രഹത്തിലെ ആദ്യദിവസത്തെ സത്യാഗ്രഹികൾ പി. കെ. ഉസ്മാനും എൻ. സി. കണ്ണനുമായിരുന്നു. 1948-ൽ ഫ്രഞ്ച് നാവികസേന മയ്യഴി തിരിച്ചുപിടിച്ചപ്പോൾ ചാലക്കരയിലെ സ്കൂളിൽ അദ്ധ്യാപകനായ പി. കെ. ഉസ്മാനെ ക്ലാസ്സുമുറിയിൽ കയറി പിടികൂടി തടവിലാക്കിയതാണ്. അതികഠിനമായ ശാരീരികമർദ്ദനത്തിന് വിധേയനാക്കിയതിനാൽ ആരോഗ്യം തകർന്ന ഉസ്മാൻ മാസ്റ്ററെ ഐ കെ. കുമാരൻ മാസ്റ്റർ ഉൾപ്പെടെയുള്ള സഹപ്രവർത്തകർ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹം അതിന് വഴങ്ങിയില്ല. മാത്രമല്ല, ആദ്യത്തെ പോരാളി താനായിരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

മയ്യഴി വഴി തലശ്ശേരിക്ക് പോകുന്ന ബസ്സിൽ ചോമ്പാലയിൽനിന്ന് കയറിയ ഉസ്മാൻ മാസ്റ്റർ ദേശീയപതാക കൈവശം കരുതിയിരുന്നു. അദ്ദേഹത്തോടൊപ്പം ദേശീയവാദികളോട് അനുഭാവം പുലർത്തിയെന്നതിന്റെ പേരിൽ ഫ്രഞ്ച് പോലീസിൽനിന്ന് പിരിച്ചുവിട്ട എൻ. സി. കണ്ണനും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ മുദ്രാവാക്യങ്ങൾ എഴുതിയ ഒരു പ്ലക്കാർഡ് ഉണ്ടായിരുന്നു. അവർ രണ്ടുപേരും മയ്യഴി മുനിസിപ്പാലിറ്റിയുടെ അടുത്തുള്ള സ്റ്റോപ്പിൽ ബസ്സിറങ്ങി. ഉസ്മാൻ മാസ്റ്റർ ദേശീയപതാകയും എൻ. സി. കണ്ണൻ പ്ലക്കാർഡും ഉയർത്തി ഫ്രാൻസേ ക്വിത്തലേന്ത്[11], ഫ്രഞ്ചുകാർ ഇന്ത്യ വിട്ടുപോവുക എന്ന മുദ്രാവാക്യവുമായി മുന്നോട്ടു നടന്നു. ഫ്രഞ്ച് അനുകൂലികളുടെ ഗുണ്ടാസംഘത്തിന്റെ സർവ്വാധിപത്യത്തിലായിരുന്നു അക്കാലത്ത് മയ്യഴി. അവർ ഓടിയെത്തി ഉസ്മാൻ മാസ്റ്ററെയും എൻ. സി. കണ്ണനെയും തല്ലിവീഴ്ത്തി റോഡിലൂടെ വലിച്ചിഴച്ചുകൊണ്ടുപോയി. പള്ളിയുടെ മുന്നിലെത്തുമ്പോഴേക്കും വിവരമറിഞ്ഞ് എത്തിയ പോലീസ് രണ്ടുപേരെയും അറസ്റ്റ് ചെയ്തു. തടവറയിൽ അതിക്രൂരമായ മർദ്ദനമാണ് രണ്ടുപേർക്കും ഏല്ക്കേണ്ടി വന്നത്. ഈ മർദ്ദനത്തിന്റെ ഫലമായാണ് രോഗബാധിതനായി

[11] Français, quittez l'Inde! ക്വിറ്റ് ഇന്ത്യ എന്ന മുദ്രാവാക്യത്തിന്റെ ഫ്രഞ്ച് രൂപം. ഫ്രഞ്ചുകാർ എന്ന അർത്ഥത്തിൽ ഫ്രാൻസേ എന്ന് തുടക്കത്തിൽ ചേർത്തു.

പി. കെ. ഉസ്മാൻ മാസ്റ്റർ 1958 മാർച്ച് 23-ന് അന്തരിച്ചത്. പി. കെ. ഉസ്മാനെ സ്വന്തം വിശ്വാസപ്രമാണങ്ങൾക്കുവേണ്ടി ജീവൻനല്കി പോരാടിയ വിപ്ലവകാരിയെന്ന നിലയിൽ രക്തസാക്ഷിയായാണ് മംഗലാട്ട് രാഘവൻ വിശേഷിപ്പിക്കുന്നത്.

ഏപ്രിൽ 11-ന് പള്ളൂരിൽ വ്യക്തിസത്യാഗ്രഹം നടന്നു. കേളോത്ത് മാധവക്കുറുപ്പും പോന്തയാട്ട് ബാലൻനായരുമാണ് അന്ന് പള്ളൂരിൽ ദേശീയപതാകയും പ്ലക്കാർഡുമായി പ്രവേശിച്ചത്. അവരെയും ഗുണ്ടകൾ ക്രൂരമായി മർദ്ദിച്ച് പോലീസിൽ ഏല്പിച്ചു. ഗാന്ധിയൻ രീതിയിലുള്ള സമരങ്ങളെ മർദ്ദനം ഉപയോഗിച്ച് നേരിടുന്ന രീതിയെ ചെറുക്കാൻ പുതിയ സമരമാർഗ്ഗമാണ് മഹാജനസഭ ആസൂത്രണം ചെയ്തത്. ചുറ്റുപാടും ഇന്ത്യൻ യൂനിയനിലുള്ള പ്രദേശങ്ങളാണ് മയ്യഴിക്ക് ചുറ്റുമുള്ളത്. മയ്യഴിയിലെ ജനങ്ങൾക്ക് ആവശ്യമുള്ളതെല്ലാം ഈ ദേശങ്ങളിൽ നിന്നാണ് കിട്ടിക്കൊണ്ടിരുന്നത്. ഇത് തടഞ്ഞാൽ മയ്യഴിക്ക് കീഴടങ്ങേണ്ടിവരും. മയ്യഴി റെയിൽവേസ്റ്റേഷനും മയ്യഴിപ്പുഴ മുറിച്ചുകടക്കുന്ന റെയിൽവേ പാലവും മയ്യഴിക്ക് പുറത്താണ്. ഈ റെയിൽപ്പാലത്തെ റെയിൽ-റോഡ് പാല[12]മാക്കാനുള്ള പദ്ധതിയാണ് ഇന്ത്യാ സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കിയത്. അതോടെ മയ്യഴി വഴിയല്ലാതെ വാഹനങ്ങൾക്ക് പോകുവാനാകും. മയ്യഴിയിലേക്കുള്ള എല്ലാ പാതകളിലും സ്വാതന്ത്ര്യസമരഭടന്മാർ ഉപരോധം തീർത്തു. അഴീക്കൽ കടപ്പുറത്തും മയ്യഴിയുടെ അതിർത്തിപ്രദേശങ്ങളിലും പൊതുയോഗങ്ങൾ നടത്തി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാകാൻ മയ്യഴിയിലെ ജനങ്ങളോട് നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടേയിരുന്നു. ഫ്രഞ്ച് വാഴ്ചയുടെ പതനം അടുത്തുവെന്ന ശക്തമായ തോന്നൽ ഉണ്ടായതിനെത്തുടർന്ന് മയ്യഴിയിലെ ഫ്രഞ്ചനുകൂലികളായിരുന്നവർ പതുക്കെ ചേരിമാറാൻ തുടങ്ങി. ഉപരോധം ആരംഭിച്ചതോടെ മയ്യഴിയിലെ സർക്കാർ ഉദ്യോഗസ്ഥരും മുനിസിപ്പൽ കൗൺസിലർമാരും പക്ഷം മാറി സമരഭടന്മാരോട് ചേരാനായി മയ്യഴിയുടെ അതിർത്തി കടന്നു.

തകരുന്ന മയ്യഴിയിലെ ഫ്രഞ്ച് ഭരണത്തിന് ആഘാതമേല്പിച്ച് ചെറുകല്ലായി എന്ന പ്രദേശം മോചിപ്പിക്കാനുള്ള സാഹസികമായ പോരാട്ടം കമ്യൂണിസ്റ്റ് പാർട്ടി ആസൂത്രണം ചെയ്യുന്നത് ഈ ഘട്ട

[12] റോഡായും റെയിൽവേപ്പാലമായും ഉപയോഗിക്കാവുന്ന വിധത്തിൽ തയ്യാറാക്കുന്ന പാലങ്ങൾ. തീവണ്ടി വരുന്ന സമയത്ത് റോഡ് വഴി പോകാനുള്ള വാഹനങ്ങൾ പാലത്തിന്റെ രണ്ട് വശങ്ങളിലും നിറുത്തിയിടും.

ത്തിലാണ്. മയ്യഴിയിൽ നിന്ന് ഇന്ത്യൻ യൂനിയനിലൂടെ സഞ്ചരിച്ച് ചെന്നെത്തുന്ന കുന്നിൻപ്രദേശമായ ചെറുകല്ലായിയിലെ സെന്റ് ജോർജ്ജ് ഫോർട്ടിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് ഉണ്ടായിരുന്നു. 1954 ഏപ്രിൽ 26-ന് കുറിച്ചിയിൽ കടപ്പുറത്ത് ഇരുപത്തിയൊമ്പത് പേരുള്ള ഒരു സംഘം ഒത്തുചേർന്നു.[13] അവരെ രണ്ട് വിഭാഗമാക്കി. രാത്രി പന്ത്രണ്ട് മണിയോടെ രണ്ട് വഴികളിലൂടെ സംഘത്തിലെ അംഗങ്ങൾ ചെറുകല്ലായിലേക്ക് മാർച്ച്ചെയ്തു. കോട്ടായി കണാരൻ, പി. കെ. കണാരി, കെ. പി. വാസു, കെ. കെ. ഗോവിന്ദൻ അടിയോടി, ബോംബെ ഗോപാലൻ, പി. വി. കുട്ടിഎന്നിവരാണ് സംഘത്തെ നയിച്ചത്. മെയിൻറോഡിലൂടെ വന്ന സംഘം പോലീസ് ഔട്ട്പോസ്റ്റിലേക്കാണ് ചെന്നത്. കോട്ടായി കണാരൻ മേസ്ത്രിയും കെ. കെ. ഗോവിന്ദൻ അടിയോടിയും ഔട്ട്പോസ്റ്റിന്റെ ചുമതലയുള്ള കപ്രോൾ ഷേഫിനോട് കീഴടങ്ങാൻ ആവശ്യപ്പെട്ടു. ഇതിനിടയിൽ പരിഭ്രാന്തനായ സെൻട്രി ഔട്ട്പോസ്റ്റിലേക്ക് വരുന്ന വളണ്ടിയർമാർക്കു നേരെ വെടിയുതിർത്തു. ഔട്ട്പോസ്റ്റിനടുത്തുള്ള റോഡിനരികിൽ കോടിയേരി സ്വദേശിയും കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാദേശികനേതാവുമായ പി. പി. അനന്തൻ വെടിയേറ്റ് വീണു. ഗോവിന്ദൻ അടിയോടിയും ബോംബെ ഗോപാലനും ചേർന്ന് അനന്തനെ എം. എസ്. പി ക്യാമ്പിലും അവിടെനിന്ന് തലശ്ശേരി ആശുപത്രിയിലും എത്തിച്ചു. വയറിന് വെടിയേറ്റ് ആമാശയം തകർന്നുപോയ സഖാവിന്റെ ജീവൻ രക്ഷിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ട് 27- ന് ഉച്ചയോടെ രക്തസാക്ഷിത്വം വരിച്ചു. കുറിച്ചിയിൽ കടപ്പുറത്തുനിന്ന് പുറപ്പെട്ട സംഘത്തിലുണ്ടായിരുന്ന അച്യുതനെകാണാനില്ല എന്നതിനാൽ നടത്തിയ തെരച്ചിലാണ് ഫ്രഞ്ച് പോലീസുകാർ ഉപേക്ഷിച്ചുപോയ ഔട്ട്പോസ്റ്റിനകത്ത് കണ്ടെത്തിയത്. തോക്കിന്റെ പാത്തികൊണ്ട് അടിയേറ്റുവീണ അച്യുതനെ വെടിവെച്ച് കൊല്ലുകയായിരുന്നു.

[13] ചെറുകല്ലായി വിമോചനപ്പോരാട്ടത്തിൽ പങ്കെടുത്ത സഖാക്കൾ: പി. പി. അനന്തൻ (കോടിയേരി), എം. അച്യുതൻ (ഗോപാലപ്പേട്ട), കോട്ടായി കണാരൻ മേസ്ത്രി (മാഹി), കെ. കെ. ഗോവിന്ദൻ അടിയോടി (ചമ്പാട്), പി. വി. കുട്ടി (തലശ്ശേരി), പി. വി. കുഞ്ഞിരാമൻ (വടക്കമ്പാട്), ബോംബെ ഗോപാലൻ (കോടിയേരി), കിഴക്കെയിൽ കുഞ്ഞിക്കണ്ണൻ (കുണ്ടുചിറ), നെല്ലി നാണു (പള്ളൂർ), കെ. വി. വാസു (ന്യൂ മാഹി), കെ. കുമാരൻ (ചെറുകല്ലായി), ഷേണായി കുമാരൻ (പെരിങ്ങാടി), കാരായി അച്ചൂട്ടി (മാഹി), പി. കെ. കണാരി (ന്യൂ മാഹി), മൂഴിയിൽ രാഘവൻ (ഗോപാലപ്പേട്ട), മുണ്ടങ്ങാടൻ ചാത്തുക്കുട്ടി(ചൊക്ലി), എം. പി. രാഘവൻ (ചൊക്ലി), അണിയേരി കുഞ്ഞിക്കണ്ണൻ (പൊന്ന്യം), എം. പി. ഗോവിന്ദൻ (ചൊക്ലി), കുമാരൻ (വയലളം), കക്കോട്ട് അനന്തൻ (ചൊക്ലി), സി. കേളു നായർ (പന്തക്കൽ), എം. പി. കുമാരൻ (പന്തക്കൽ), കാരായി കുഞ്ഞിക്കണ്ണൻ (ചൊക്ലി), കെ. സി. കണാരി (മൂഴിക്കര), കെ. പി. നാരായണൻകെ. പി. നാരായണൻ (ന്യൂ മാഹി)

കടുത്ത മർദ്ദനമേറ്റ പാടുകൾ ശരീരത്തിൽ ഉണ്ടായിരുന്നു. ഗോപാലപ്പേട്ട സ്വദേശിയായ അച്യുതൻ ബീഡിത്തൊഴിലാളിയായിരുന്നു. അദ്ദേഹത്തിന് മയ്യഴിയിൽ കുടുംബബന്ധങ്ങളുണ്ടായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ട് ധീരസഖാക്കളാണ് സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ രക്തസാക്ഷിത്വം വരിച്ചത്.

അച്യുതന്റെയും അനന്തന്റെയുംരക്തസാക്ഷിത്വം മയ്യഴിയിലെ രാഷ്ട്രീയാന്തരീക്ഷത്തെ ഇളക്കിമറിച്ചു. തകരാൻ പോകുന്ന ഭരണകൂടത്തിന്റെ നിഷ്ഠുരതയുടെ ഉദാഹരണമായി അച്യുതന്റെയും അനന്തന്റെയും രക്തസാക്ഷിത്വം മാറി. കടുത്ത ഫ്രഞ്ച് അനുകൂലികൾപോലും നിലപാട് മാറ്റുവാനും മയ്യഴിയിൽനിന്ന് പുറത്തുകടക്കുവാനും ആരംഭിച്ചു.

ഉപരോധത്തെത്തുടർന്ന് തകർച്ച നേരിട്ട ഫ്രഞ്ച് ഭരണാധികാരികൾ സ്വാതന്ത്ര്യസമരസേനാനികളുമായി ചർച്ചകൾക്ക് തയ്യാറായി. പക്ഷെ ചർച്ചകൾ ഫലം കാണുന്നില്ലെന്ന് വന്നപ്പോൾ അന്തിമസമരത്തിനായി മയ്യഴിയിലേക്ക് പ്രവേശിക്കാൻ കേരള ഗാന്ധിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന കെ. കേളപ്പന്റെനിർദ്ദേശം അനുസരിച്ച് സമരഭടന്മാർ തീരുമാനിച്ചു. ഫ്രഞ്ച് വിപ്ലവവാർഷിക ദിനമായ ജൂലായ് പതിനാലാണ് അതിനായി നിശ്ചയിച്ച ദിവസം. ഉപരോധം കാരണം തകർന്ന മയ്യഴിയിലെ ഫ്രഞ്ചുഭരണാധികാരികളിൽനിന്ന് വലിയ ചെറുത്തുനില്പ് ഉണ്ടാകാനിടയില്ല. പക്ഷെ, അധികാരം നിലനിറുത്താൻ, ഒരു പക്ഷെ, എന്ത് സാഹസത്തിനും അവർ മുതിരാനും ഇടയുണ്ട്. ഈ അവസ്ഥയിലാണ് ഐ. കെ. കുമാരൻ മാസ്റ്റർindexഐ. കെ. കുമാരൻ സമരഭടന്മാരെ നയിച്ച് മയ്യഴിയിലേക്ക് പോകാനായി നിശ്ചയിച്ചത്. തുടർച്ചയായുള്ള സമരത്തിൽ രണ്ടാമത്തെ ദിവസം സി. ഇ. ഭരതനും മൂന്നാമത്തെ ദിവസം മംഗലാട്ട് രാഘവനുംസമരഭടന്മാരെ നയിച്ച് മയ്യഴിലേക്ക് പ്രവേശിക്കണമെന്നായിരുന്നു തീരുമാനിച്ചത്.

1954 ജൂലായ് 14ന് വൈകുന്നേരം മാഹി പാലത്തിനടുത്ത് നടന്ന വമ്പിച്ച യോഗത്തിൽ ഐ കെ. കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിൽ മയ്യഴിയിലേക്ക് മാർച്ചുചെയ്യുന്ന സ്വാതന്ത്ര്യസമരഭടന്മാരെ ആശംസിച്ചുകൊണ്ട് കെ. കേളപ്പൻ ഇങ്ങനെ പറഞ്ഞു:

> മയ്യഴിലേക്ക് വളണ്ടിയർമാരെ നയിച്ചുപോകുന്ന ശ്രീ. കുമാരൻ വെടിയേറ്റുവീണാൽ ഒറ്റത്തുള്ളി കണ്ണീരു

> പോലും എന്റെ കണ്ണിൽനിന്ന് വീഴില്ല. മാതൃഭൂമി ക്കുവേണ്ടി സ്വന്തം കർമ്മം നിറവേറ്റിയ ധർമ്മഭട നെന്ന നിലയിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദി ക്കുക മാത്രമേ ചെയ്യുകയുള്ളൂ.

ഐ കെ. കുമാരൻ മാസ്റ്ററോടൊപ്പം നൂറ് വളണ്ടിയർമാർ മാർച്ച് ചെയ്യുമെന്നായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്. എന്നാൽ ഈ തീരുമാനം പാടേ മറന്ന് വമ്പിച്ച ജനാവലിയാണ് കുമാരൻ മാസ്റ്ററോടൊപ്പം മയ്യഴിയിലേക്ക് പ്രവേശിച്ചത്. അവർ ഒരു ഘോഷ യാത്രപോലെ അഡ്മിനിസ്ട്രേറ്ററുടെ ബംഗ്ലാവ് ലക്ഷ്യമാക്കി മാർച്ച് ചെയ്തു. ഈ മാർച്ചിനെ അഭിവാദ്യം ചെയ്യാനായി മയ്യഴിയിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ വളണ്ടിയർമാർ മാഹി പാലത്തിനിപ്പുറം കാത്തുനില്ക്കുന്നുണ്ടായിരുന്നു. ഈ മാർച്ച് പാതാറും കടന്ന് അഡ്മിനി സ്ട്രേറ്ററുടെ ബംഗ്ലാവിനു മുന്നിലെത്തി. ബംഗ്ലാവിന്റെ ഗെയിറ്റ് തുറന്ന് പുറത്തുവന്ന അഡ്മിനിസ്ട്രേറ്റർ, ഐ. കെ. കുമാരനെ അകത്തേക്ക് ക്ഷണിച്ചു. അധികാരം വിട്ടൊഴിയാനുള്ള തീരുമാനം അറിയിച്ചു.

1954 ജൂലായ് 16 മുതൽ ഒക്ടോബർ 31-വരെ ഐ.@ കെ. കുമാരൻ മാസ്റ്റർ മയ്യഴിയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു ഭരണകൗൺസിൽ രൂപീകരി ച്ചാണ് പ്രവർത്തിച്ചത്. ഈ കൗൺസിലിന്റെ സെക്രട്ടറി സി. ഇ. ഭരതനും ഖജാൻജി പി. കെ. രാമനുപി. കെ. രാമൻമായിരുന്നു. അതിൽ മഹാജനസഭയുടെ പക്ഷത്തെ മംഗലാട്ട് രാഘവൻ, പാറ മ്മൽ കുമാരൻ, പി. കെ. ഉസ്മാൻ, പോന്തയാട്ട് അനന്തൻ നായർ, വി. സി. കണാരൻ എന്നിവരോടൊപ്പം വി. എൻ. പുരുഷോത്തമൻ, നാലുപുരയിൽ സഹദേവൻ, ഡോ. വി. നാരായണൻ, പള്ളൂരിലെ പടിക്കോത്ത് കുഞ്ഞിമന്ദൻ, പാലോളി കുഞ്ഞിരാമൻ, കെ. കെ. ഗോ വിന്ദൻ നമ്പ്യാർ, എൻ. ബാലഗോപാലൻഎൻ. ബാലഗോപാലൻ എന്നിവരും അംഗങ്ങളായിരുന്നു.